# മനുഷ്യാവകാശം

## ഒരന്വേഷണത്തിന്റെ പ്രതിഫലനങ്ങൾ

### കെ. ബാലഗോപാലിന്റെ

തിരഞ്ഞെടുത്ത ലേഖനങ്ങളുടെ സമാഹാരം

പീഡിപ്പിക്കപ്പെടുന്ന ഘടനകൾ സമൂഹത്തിൽ ഉള്ളിടത്തോളം കാലം അവകാശത്തെ സംബന്ധിച്ച പ്രശ്നവും ഉയർന്നുവരും. സ്ത്രീക്ക് തൊഴിൽ ചെയ്യാനുള്ള അവകാശം, അവളുടെ സ്വന്തം ഇഷ്ടത്തിനനുസരിച്ച് സുഹൃത്തിനെകണ്ടെത്താനുള്ള അവകാശം, അവൾക്ക് സ്വന്തമായി സിനിമക്ക് പോകാനുള്ള അവകാശം ഇതെല്ലാം പൗരാവകാശ പ്രശ്നങ്ങളാണ്.

ഭരണകൂടം ഒരു നിയമം എഴുതി തയ്യാറാക്കിയിട്ടില്ലെങ്കിലും സ്ത്രീകൾക്ക് തനിച്ച് സിനിമക്ക് പോകാൻ കഴിയില്ല എന്നതാണ് കുടുംബത്തിന്റെ നിലപാട്. കൃത്യമായും ഇതൊരു പൗരാവകാശപ്രശ്നമാണ്. കുടുംബം ഒരു ഘടനയാണ്. അതിന്റെ രാഷ്ട്രീയ അടിച്ചമർത്തലിന് അംഗീകാരം ലഭിക്കുന്നത് നിയമ വ്യവസ്ഥയിൽ നിന്നല്ല. നേരെ മറിച്ച് സംസ്കാരത്തിൽ നിന്നാണ്. ഇപ്രകാരം, ഒരിക്കൽ നിങ്ങൾ ഈ വഴിക്ക് കാര്യങ്ങളെ വീക്ഷിക്കാൻ തുടങ്ങിയാൽ സമൂഹത്തിലെ അടിച്ചമർത്തപ്പെടുന്ന എല്ലാ ഘടനകളിലേക്കും നിങ്ങളുടെ ദൃഷ്ടി കേന്ദ്രീകരിക്കേണ്ടിവരും.

- കെ. ബാലഗോപാൽ

ജനവാർത്ത
പബ്ലിക്കേഷൻ

₹. 180.00

മനുഷ്യാവകാശം ഒരന്വേഷണത്തിന്റെ പ്രതിഫലനങ്ങൾ | കെ. ബാലഗോപാലിന്റെ തിരഞ്ഞെടുത്ത ലേഖനങ്ങളുടെ സമാഹാരം

# മനുഷ്യാവകാശം

## ഒരന്വേഷണത്തിന്റെ പ്രതിഫലനങ്ങൾ

### കെ. ബാലഗോപാലിന്റെ

തിരഞ്ഞെടുത്ത ലേഖനങ്ങളുടെ സമാഹാരം



323.4 BAL/M
CASMTVK
1174

Malayalam (Indian)

**Manushyavakasam:**
**Oranweshanathinte Prathibhalanangal**

*Published by*
Janavartha Magazine, Regd. No. DI 42652/95

First Edition: Februay 2012

All rights reserved. No part of this publication may be reproduced, Stored in a retrieval system.or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise, without the prior permission of the Publisher.

*Advisory Board*
N. Subramanian, P.A. Pauran

*Editorial Collective*
M. Divakaran, C.K. Prathapan, Raju Master
C.C. Anto, K.D. Martin, P.K. Ajith

*Design by* Maya Creative Mind, Calicut
*Printed at* Printer's port, Calicut

*Contact Address:*
M. Divakaran, Janavartha publication,
P.O. Kommeri, Calicut 673007. Ph: 9562558928

Price: Rupees one hundred eighty only
₹. 180.00

ധീരനും ബുദ്ധിമാനുമായ രാഷ്ട്രീയ ചിന്തകനായിരുന്നു ബാലഗോപാൽ. അദ്ദേഹത്തിന്റെ സാന്നിദ്ധ്യം വളരെയധികം ആവശ്യപ്പെടുന്ന ഒരു സന്ദർഭത്തിലാണ് അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞത്.

– അരുന്ധതി റോയ്

മർദ്ദിതരോടുള്ള ബാലഗോപാലിന്റെ പ്രതിബദ്ധത അവരുടെ സാമ്പത്തിക ദുരിതങ്ങളിൽ മാത്രമായി ഒതുങ്ങി നിന്നിരുന്നില്ല. മർദ്ദിതരുടെ ധൈഷണികമായ വളർച്ചയിലും അദ്ദേഹം അതീവ തല്പരനായിരുന്നു.

– സുമന്തബാനർജി

നൂറ്റാണ്ടുകൾക്കിടയിൽ മാത്രമേ ബാലഗോപാലിനെ പോലുള്ള ഒരാളെ കണ്ടെത്താൻ കഴിയൂ.

– കെ. ജി. കണ്ണബീരൻ

## ഡോ. കെ. ബാലഗോപാൽ

(10.6.1952 - 8.9.2009)

ഇന്ത്യയിലെ പ്രമുഖ മനുഷ്യാവകാശ പ്രവർത്തകൻ. കണ്ട്ല പാർത്ഥനാഥ ശർമ്മയുടെയും നാഗമണിയുടെയും അഞ്ചാമത്തെ മകൻ. നെല്ലൂരിലും ശ്രീകാകുളത്തും പ്രാഥമിക വിദ്യാഭ്യാസം. പ്രീയൂണിവേഴ്സിറ്റി കാവ്‌ലി യിൽ. തിരുപ്പതിയിൽ നിന്ന് ബി.എസ്.സി, എം.എസ്.സി (കണക്ക്)യ്ക്കു ശേഷം വാറംഗലിലെ റീജ്യണൽ എഞ്ചിനീയറിങ്ങ് കോളേജിൽനിന്ന് പി.എച്ച്.ഡി ഗവേഷണത്തിനായി, ഡൽഹിയിൽ ഇന്ത്യൻ സ്റ്റാറ്റിറ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്നു. ആന്ധ്രപ്രദേശ് സിവിൽ ലിബർട്ടീസ് കമ്മിറ്റിയിൽ ചേർന്നു. കാകതിയ യൂണിവേഴ്സിറ്റിയിൽ ഗണിതവിഭാഗം അദ്ധ്യാപകൻ. 1985-ൽ സിവിൽ ലിബർട്ടീസ് കമ്മിറ്റി പ്രസിഡന്റ്. ആ പദവിയിൽ പതിന ഞ്ച് വർഷത്തോളം തുടർന്നു. 1993ൽ നാഷണൽ ഹ്യൂമൻ റൈററ്സ് കമ്മീഷൻ രൂപീകരിച്ചു. ഭാര്യ: വസന്തലക്ഷ്മി, പത്രപ്രവർത്ത്ക (ആന്ധ്ര ജ്യോതി ദിനപത്രം). മകൻ: പ്രഭാത്.

## ഉള്ളടക്കം


പ്രസാധകക്കുറിപ്പ് • 7

എഡിറ്റോറിയൽ • 9

മനുഷ്യാവകാശ പ്രവർത്തനത്തിന്റെ ചോരസാക്ഷ്യം • 13
- കെ. അരവിന്ദാക്ഷൻ

ഭരണകൂട പരമാധികാരവും ജനാധിപത്യവും • 24
- കെ.പി. സേതുനാഥ്

ബാലഗോപാലുമായുള്ള അഭിമുഖം (ലേഖനങ്ങൾ)
ടി. രാമവർമൻ/എലിസബത്ത്

പൗരാവകാശ പ്രസ്ഥാനം സിദ്ധാന്തവും പ്രയോഗവും • 30

ഞങ്ങൾക്ക് താൽപര്യം നീതിയിലാണ് ഹിംസയിലല്ല • 38

പ്രവർത്തനങ്ങൾക്കുള്ള കാര്യപരിപാടി... • 43

ജനാധിപത്യത്തിനു വേണ്ടിയുള്ള യുദ്ധം • 49

ജനാധിപത്യ മൂല്യങ്ങളുടെ പ്രതിരോധത്തെ സംബന്ധിച്ച് • 54

ഭരണകൂടത്തിന്റെ സ്വഭാവത്തെക്കുറിച്ച് • 63

ബാലഗോപാലിന്റെ തിരഞ്ഞെടുത്ത ലേഖനങ്ങൾ

ആന്ധ്രാപ്രദേശിലെ ആദിവാസി സമരങ്ങൾ • 71

മത്ത് പിടിച്ച പിശാചിന്റെ നിഗ്രഹം • 85

മണ്ഡൽ വിരുദ്ധ ഭ്രമം • 96

ആന്ധ്രാപ്രദേശിലെ മാവോയിസ്റ്റ് പ്രസ്ഥാനം • 109

ഒരന്വേഷണത്തിന്റെ പ്രതിഫലനങ്ങൾ • 121

ഭരണവർഗ്ഗങ്ങൾ, അവരുടെ സംഘർഷങ്ങളും... • 134

ആന്ധ്രയിലെ രാഷ്ട്രീയമാറ്റങ്ങളിൽ... • 156

വിധിയുടെ മാനങ്ങൾ • 172

വീണ്ടും ചിന്റപ്പിള്ളി • 178

വസന്തത്തിന്റെ അവസാനം • 193

സമാധാന ചർച്ചകൾക്ക് അന്ത്യമായോ? • 219

'ക്രമസമാധാനം' വാടകയ്ക്ക് • 240

*യാതന സഹിക്കുന്നവരുടെ എണ്ണം വർദ്ധിക്കുന്നതോടെ*
*അവരുടെ യാതന കൂടുതൽ സ്വാഭാവികമാണെന്ന പ്രതീതി ഉണ്ടാവുന്നു;*
*കടലിലെ മത്സ്യങ്ങൾ നനയുന്നുവല്ലോ എന്ന്*
*ആരാണ് വേവലാതിപ്പെടുക?*
*യാതന അനുഭവിക്കുന്നവർതന്നെയും*
*ഈ ദയാരാഹിത്യം പങ്കുവെക്കുന്നു.*
*തങ്ങളോടുപോലും അവർ കാരുണ്യം കാണിക്കാൻ മറന്നുപോകുന്നു.*
*നിലനില്ക്കുന്ന, അസഹനീയ അവസ്ഥകളുമായി*
*മനുഷ്യർ ഇത്ര എളുപ്പത്തിൽ പൊരുത്തപ്പെട്ടുപോവുന്നു എന്നത്,*
*അപരിചിതരുടെ യാതനകൾ എന്നപോലെ തങ്ങളുടെ യാതനകളും*
*അവർ നിർവ്വികാരമായി സഹിക്കുന്നു എന്നത്, ഭീകരമല്ലേ?*
*കാര്യങ്ങൾ വളരെ മോശമാണെന്നു തിരിച്ചറിയുന്നവർപോലും*
*മനുഷ്യർ മറ്റു മനുഷ്യരോട് സഹാനുഭൂതികാട്ടണം*
*എന്ന് ആവശ്യപ്പെടുന്നില്ല.*
*എന്നാൽ മർദ്ദിതർക്ക് മറ്റ് മർദ്ദിതരോടുള്ള*
*സഹാനുഭൂതി ഒഴിച്ചുകൂടാനാവാത്തതാണ്*
*കാരണം, അതാണ് ലോകത്തിന്റെ ഏകപ്രതീക്ഷ.*

*വിവ. ടി.കെ. രാമചന്ദ്രൻ*

('ഏറ്റവും ഇരുണ്ടകാലം' എന്ന് ബ്രെഹ്ത് വിശേഷിപ്പിക്കുന്ന 1938-41 കാലഘട്ടത്തിൽ എഴുതപ്പെട്ടതാണ് ഈ കവിത)

# പ്രസാധകക്കുറിപ്പ്

മർദ്ദിതജനവിഭാഗങ്ങൾക്കിടയിലെ മനുഷ്യാവകാശലംഘനങ്ങൾക്കെതിരെ ത്യാഗോജ്ജ്വലമായ പോരാട്ടം നടത്തിയ ഡോ. കെ. ബാലഗോപാൽ ഇക്കണോമിക്ക് ആന്റ് പൊളിറ്റിക്കൽ വീക്കിലിയുടെ വിവിധ ലക്കങ്ങളിൽ എഴുതിയ ലേഖനങ്ങളിൽ തിരഞ്ഞെടുത്തവയുടെ സമാഹാരമാണ് ഈ പുസ്തകം. കൂത്ത്പറമ്പ് വെടിവെപ്പിനോടനുബന്ധിച്ച് അദ്ദേഹം കേരളം സന്ദർശിച്ചപ്പോൾ പത്രപ്രവർത്തകനായ ടി. രാമവർമൻ, എലിസബത്ത് എന്നിവർ നടത്തിയ അഭിമുഖവും (ലേഖനങ്ങൾ) ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇന്ത്യയിലെ മനുഷ്യാവകാശപ്രസ്ഥാനത്തിന്റെ വികാസപരിണാമങ്ങളെ ഒരു ചരിത്രപരമായ പ്രക്രിയയായികണ്ട ബാലഗോപാൽ തന്റെ സൈദ്ധാന്തികമായ കാഴ്ചപ്പാടുകൾ രൂപീകരിച്ചത് കഠിനമായ പ്രായോഗിക പ്രവർത്തനാനുഭവങ്ങളിൽ നിന്നാണ്. ആദിവാസികൾ, ദളിതുകൾ, ന്യൂനപക്ഷ വിഭാഗങ്ങൾ, സ്ത്രീകൾ എന്നിവർക്കിടയിൽ സജീവമായി പ്രവർത്തിച്ച അദ്ദേഹം അടിയന്തിരാവസ്ഥ കാലംതൊട്ട് ഇന്ത്യയിൽ നടന്ന മനുഷ്യാവകാശലംഘനങ്ങളെ കുറിച്ച് ആഴത്തിൽ വിശകലനം ചെയ്യുകയും വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.

അടിയന്തിരാവസ്ഥയുടെ ഇരുണ്ട കാലത്തെ അതിജീവിച്ച കേരളീയ സമൂഹത്തിന് ബാലഗോപാലിന്റെ പ്രവർത്തനാനുഭവങ്ങളിൽനിന്ന് ഏറെ ഉൾക്കൊള്ളാനുണ്ട്. അടിയന്തിരാവസ്ഥ കാലത്ത് കോൺസെൻട്രേഷൻ ക്യാമ്പുകളിൽ നിരവധി യുവാക്കൾ പോലീസ് പീഡനത്തിനിരയാവുകയും രാജൻ, വർക്കല വിജയൻ എന്നിവർ ക്രൂരമായി കൊലചെയ്യപ്പെടുകയുമുണ്ടായി. ഭരണകൂടത്തിന്റെ ഇത്തരം ക്രൂരകൃത്യങ്ങൾക്കെതിരെ ജനങ്ങളുടെശക്തമായ പ്രതിഷേധങ്ങളും ചെറുത്തുനില്പുകളും ഉണ്ടായിട്ടുണ്ടെങ്കിലും ഒരു മനുഷ്യാവകാശ പ്രശ്നം എന്ന നിലയ്ക്ക് ഇവയൊന്നും നമ്മുടെ സമൂഹത്തിൽ കൈകാര്യം ചെയ്യപ്പെട്ടിട്ടില്ല. ദശകങ്ങൾ പിന്നിട്ടതിനുശേഷം വർഗീസ്വധത്തെക്കുറിച്ചുള്ള കോൺസ്റ്റബിൾ രാമചന്ദ്രൻനായരുടെ വെളിപ്പെടുത്തൽ നമ്മുടെ ചരിത്രത്തിൽ സമാനതകളില്ലാത്ത ഒരു സംഭവമാണ്. 'രാജന്റെ ഭൗതികശരീരം എന്തു ചെയ്തു? കെ. കരുണാകരൻ മറുപടി പറയുക' എന്ന ജനങ്ങളുടെ